കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

## തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

## e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി.2)132/2019

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ: 680 020
E.mail- dotsr.ksad@kerala.gov.in
ഫോൺ- 0487 2331249
തീയതി: 02.05.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : - വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിന്റെ 2-1, 2-2, 3-7 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2)132/2019 തിയ്യതി:02.05.2019

## തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ

## 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01.04.2017 മുതൽ 31.03.18തിയ്യതി വരെ വിവിധ ഇനങ്ങളിലായി ലഭ്യമായ രശീതികൾ പ്രകാരം നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തികവർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. (ഖണ്ഡിക 2-1 കാണുക).

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2018 മുതൽ 19.01.2018 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.പി.എ.ശിവൻ. | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| ശ്രീമതി.ബിത.ടി.എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽകുമാർ.കെ.സി. | സീനിയർഗ്രേഡ്ഓഡിറ്റർ |
| ശ്രീമതി.സോന.കെ.സത്യൻ. | ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.ഷാജി നക്കര | 01.04.2017 മുതൽ 31.03.2018 വരെ |

### സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.എം.ആർ തമ്പി (I/C) | 01.04.17 മുതൽ 9-11-2017 വരെ |
| ശ്രീ.സംഗീത്.സി.കെ | 10-11-2017 മുതൽ 12-01-2018വരെ |
| ശ്രീ.എം.ആർ തമ്പി (I/C) | 13-01-2018 മുതൽ 16-02-2018 വരെ |
| ശ്രീ.സംഗീത്.സി.കെ | 17-02-2018 മുതൽ 31-03-2018വരെ |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | ശ്രീ.ഡി.ബിജു | 01.04.2017 മുതൽ 08.11.2017വരെ 09.11.2017 ഒഴിവ് |
| | ശ്രീ.ടി.ബാബു | 10-11-2017 മുതൽ 31-03-2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.രജനി.എ | 01.04.2017 മുതൽ 08.10.2017വരെ |
| | ശ്രീ.ഗിരീഷ് കുമാർ.പി | 09.10.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെള്ളാങ്ങല്ലൂർ | ഡോ.ടി.വി.ബിനു | 01.04.2016 മുതൽ 31.03.2017വരെ |
| സി.ഡി.പി.ഒ | ശ്രീമതി.കെ.കെ.അംബിക | 01.04.2017 മുതൽ 31.03.2018വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.റീന.വി.ജെ | 01.04.2017 മുതൽ 10.08.2017വരെ |
| | ശ്രീ.അരുൺകുമാർ | 11.08.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് ഡയരക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി.ഷീല പ്രസാദ് | 01.04.2017 മുതൽ 02.05.2017വരെ |
| | ശ്രീമതി.സോഫിയ | 03.05.2017 മുതൽ 16.06.2017വരെ |
| | ശ്രീമതി.എസ്.കെ.റാണി. | 17.06.2017 മുതൽ 15.07.2017വരെ |
| | ശ്രീ.റിങ്കു.പി. | 16.07.2017 മുതൽ 02.09.2017വരെ |
| | ശ്രീമതി.എസ്.കെ.റാണി. | 03.09.2017 മുതൽ 20.11.2017വരെ |
| | ശ്രീമതി.സോഫിയ | 20.11.2017 മുതൽ 01.12.2018വരെ (പൂർവ്വാഹ്നം) |
| | ശ്രീ.ഗോപി ദാസ് | 01.12.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| | | (അപരാഹ്നം) |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | രശീതി, സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല. | 2-1 |
| 12 | വാടക രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 2-2 |
| | ഭാഗം 3 | |
| 13 | സമഗ്രമായ ക്യാൻസർ ബോധവൽക്കരണ പരിപാടി ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 3-1 |
| 14 | ഗുണഭോക്തൃ തെരെഞ്ഞെടുപ്പിന്റെ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്. | 3-2 |
| 15 | പദ്ധതി രൂപീകരണം ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ തമ്മിൽ പൊതു മാനദണ്ഡങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. | 3-3 |
| 16 | തുല്യത- പഠിതാക്കളുടെ ഫീസ് നല്കൽ (17-18) അപാകതകൾ. | 3-4 |
| 17 | സെക്രട്ടറി നടപ്പിലാക്കിയ ഭവന നിർമ്മാണ പ്രൊജക്റ്റുകളുടെ അവലോകനം. | 3-5 |
| 18 | സംയുക്ത പ്രൊജക്റ്റുകൾ വ്യവസ്ഥകൾ പാലിയ്ക്കുന്നില്ല. വിനിയോഗിയ്ക്കാത്ത തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. | 3-6 |
| 19 | അംഗൻവാടികളിലെ പോഷകാഹാര പദ്ധതി- ചെലവഴിക്കാത്ത പക്ഷം തുക തിരിച്ചടയ്ക്കേണ്ടതാണ്. | 3-7 |
| 20 | സാംസ്കാരിക നിലയത്തിലേയ്ക്ക് 2015-16 ൽ വാങ്ങിയ കംപ്യൂട്ടർ ഉപയുക്തമാക്കേണ്ടതാണ്. | 3-8 |
| 21 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയതും കൃത്യനിർവ്വഹണത്തിലെ അപാകതകളും | 3-9 |
| 22 | പകൽവീടും വനിതാ ഹെൽത്ത് ക്ലബ്ബും ഉപയുക്തമാക്കേണ്ടതാണ് | 3-10 |
| 23 | പുത്തൻചിറ സാമൂഹികാരോഗ്യകേന്ദ്രം- ശിശു മാതൃ ആരോഗ്യ വിഭാഗം കെട്ടിടം ജീർണാവസ്ഥയിൽ | 3-11 |
| 24 | മുന്നൊരുക്കമില്ലാതെ ടൈൽ വിരിച്ചതിലെ അപാകത | 3-12 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| | | |

| | | |
|---|---|---|
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയതുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 29 | ഓഡിറ്റ് റിക്കവറി | 4-5 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 32 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 33 | അനുബന്ധം-1 | |
| 34 | അനുബന്ധം-2 | |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|
| 1/20.03.2017 | 468675727 | 468675727 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 31.07.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14/9/18 -15/9/18 | കെ.എസ്.എ.ടി.എസ്.ആർ ഇ3/1517/18 തീയതി 15.10.18 |

**വെള്ളാങ്കല്ലൂർ** ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 60 (എഫ്))
2. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.
3. വാടക, ലേലം, ടെണ്ടർ ഫോം സെയിൽ എന്നിങ്ങനെ വിവിധ വരവിനങ്ങളിൽ രജിസ്റ്ററുകളിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തി ഡി.സി.ബി. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് എല്ലാ വരവുകൾക്കും കൈയ്യെഴുത്തായി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുകയും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കി

മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി))

4. ഇ.എം.ഡി, സുരക്ഷിത നിക്ഷേപം എന്നിവ രേഖപ്പെടുത്തുന്ന സെക്യൂരിറ്റി രജിസ്റ്റർ ശരിയായ രീതിയിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയ സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം 11-12 മുതൽ തിരികെ നൽകാത്തതായി കാണുന്ന 12 ഇൻസ്ട്രുമെന്റുകളിലായി 1,92,800/- രൂപയുടെ സെക്യൂരിറ്റി നിലവിലുള്ളതായി കാണുന്നു. EMD, SD, Retention എന്നയിനങ്ങളിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. 17-18 വാർഷിക കണക്ക് B-7 ഷെഡ്യൂൾ പ്രകാരം Security deposit, Retention എന്നയിനങ്ങളിൽ വർഷത്തിൽ 1,43,721/- രൂപ തിരികെ നൽകാനുള്ളതായി കാണിച്ചിട്ടുണ്ട്. അതെ സമയം B-9 പട്ടികയിൽ Other liabilities ഇനത്തിൽ 7,00,669/- രൂപയും കാണിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിനാവശ്യമായ രീതിയിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. B-4 പട്ടികയിൽ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച തുകയുടെ ബാക്കി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. RP-10 പട്ടിക പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ 3,430/- രൂപ വരവുള്ളതായി കാണിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പരിശോധന നടത്തുന്നതിനാവശ്യമായ രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

7. Temporary Advance for official purpose എന്നയിനത്തിൽ 18,570/- രൂപ നൽകിയിട്ടുണ്ട്. B-18 പട്ടിക പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർക്ക് അഡ്വാൻസായി നൽകിയ 50,000/- രൂപ ക്രമീകരിക്കാനുള്ളതായി കാണുന്നു. എന്നാൽ ഇത്തരം വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ അഡ്വാൻസ് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

8. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. വാർഷിക കണക്ക് കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 17-18 സാമ്പത്തിക വർഷത്തിൽ net cash generated ആയി കാണിച്ചിരിക്കുന്നത് -25,47,883/- രൂപയാണ്. എന്നാൽ net decrease in cash and cash equivalents ആയി കാണിച്ചിട്ടുള്ളത് -60,31,685/- രൂപയാണ്. അംഗീകൃത അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ ഈ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 19606737 |
| വരവ് | 54080619 |
| ആകെ | 73687356 |
| ചെലവ് | 60112304 |
| നീക്കിബാക്കി | 13575052 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 20714778 | 20714778 | 19594391 | 1120387 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11973000 | 11973000 | 11008137 | 964863 |
| വികസന ഫണ്ട്-ടി.എസ്.പി (ACR | 0 | 59000 | 59000 | 59000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2640000 | 2640000 | 2630400 | 9600 |
| സാക്ഷരത | | 3143 | 284 | 3427 | 777 | 2650 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.എ.വൈ ഭരണച്ചെലവ് | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 0 | 4584142 | 4584142 | 248093 | 4336049 |
| | ജില്ലാ പഞ്ചായത്ത് | 7459360 | 4310819 | 11770179 | 5089400 | 6680779 |
| തനത് ഫണ്ട് | കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ട് | 191620 | 91372 | 282992 | 3183 | 251109 |
| | ട്രഷറി അക്കൗണ്ട് | 1384720 | 322500 | 1707220 | 1707220 | |
| | ജനറൽ പർപ്പസ് ഫണ്ട് | 4618722 | 3839310 | 8458032 | 2945052 | 5512980 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ (തുക) | പദ്ധതി ചെലവ് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 64 | 34130089 | 25814255 | 50 | 14 | 0 | 78.13% |

# 1-7 തനത് വരുമാനം

സ്ഥാപനത്തിന്റെ തനതു വരുമാനത്തിൽ തൻവർഷം താഴെ കാണിക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | %(+)/ (-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 93099 | 59725 | 33374 | (-)35.85 |
| ആകെ | 93099 | 59725 | 33374 | (-)35.85 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

ഓഡിറ്റ് സമയത്ത് സ്ഥാപനത്തിൽ ക്യാഷ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

# 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന് ഐ.എസ്.ഓ.അംഗീകാരം ലഭിച്ചത് ശ്രദ്ധേയമായ കാര്യമാണ്. ഈ അംഗീകാരം ലഭിച്ച ജില്ലയിലെ രണ്ടാമത്തെ ബ്ളോക്ക് പഞ്ചായത്ത് കൂടിയാണിത്. ഫ്രണ്ട് ഓഫീസ് ഡയറി വിവരാവകാശ നിയമരജിസ്റ്റർ എന്നിവ കാലികമാക്കി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ, ജോലിവിഭജനരജിസ്റ്റർ എന്നിവ ഇനിയും കാലികമാക്കേണ്ടതുണ്ട്. നിർമ്മാണ പ്രവർത്തന പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 81.82% പ്രൊജക്റ്റുകളിൽ ചെലവു നടത്താനും ആകെ ചെലവ് 60%ഓളം കൈവരിക്കാനും കഴിഞ്ഞു.,

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 03.10.2018 മുതൽ 12.10.2018 വരെ | 2017-18 | 17.12.2018 |
| 2 | അക്കൗണ്ടന്റ് ജനറലിൻെറ ഓഡിറ്റ് | 20.01.14 മുതൽ 25.01.14 വരെ | 2009-10 മുതൽ 2012-13 വരെ | 17.03.2014 |

## ഭാഗം -2
## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 രസീതി, സ്റേറാക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല

1. മാന്വൽ, സാംഖ്യ രസീതുകളുടെ സ്റേറാക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ രസീതികളുടെ കൃത്യത ഉറപ്പാക്കുന്നതിന് ഓഡിറ്റിനായില്ല.

2. 1.4.17 മുതൽ 10.4.18 വരെയുള്ള സാംഖ്യ രസീതികൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

# 2-2 വാടക രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വാടക രജിസ്റ്റർ പ്രകാരം റൂം നമ്പർ 22,23 /5ൽ നിന്നുള്ള വാടക കുടിശ്ശിക വരവ് 4,000/- രൂപയും റൂം നമ്പർ 18/165 ൽ നിന്നുള്ള കുടിശ്ശിക വരവ് 400/- രൂപയാണ്. എന്നാൽ വാർഷികധനകാര്യപത്രിക റസീറ്റ് & പേമെന്റ് പ്രകാരം കുടിശ്ശിക ഇനത്തിൽ വരവ് ഇല്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 സമഗ്ര ക്യാൻസർ രോഗ ബോധവൽക്കരണ പരിപാടി - ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ 25/17-18

സമഗ്ര ക്യാൻസർ രോഗ ബോധവൽക്കരണ പരിപാടികളും രോഗനിർണ്ണയ ക്യാമ്പുകളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര ക്യാൻസർ ബോധ വൽക്കരണവും രോഗനിർണ്ണയക്യാമ്പും സംഘടിപ്പിച്ച് ഈ അസുഖത്തെ കുറിച്ചുള്ള അവബോധം ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത മേൽ പദ്ധതിക്കായി 5,84,619/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി പ്രശസ്ത ക്യാൻസർ രോഗ വിദഗ്ധനായ ഡോ. വി.പി ഗംഗാധരന്റെ കുറിപ്പുകൾ ലഘുരേഖയാക്കി വീടുകളിൽ വിതരണം ചെയ്യുകയുണ്ടായി. തുടർന്ന് ഓരോ ഗ്രാമപഞ്ചായത്തുകളിലും ബോധവൽക്കരണ ക്യാമ്പുകളും രോഗനിർണ്ണയ ക്യാമ്പും സംഘടിക്കപ്പെട്ടു. രോഗനിർണ്ണയ ക്യാമ്പുകളിൽ ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്റർ, ഗവ.മെഡിക്കൽ കേളേജിലെ വിദഗ്ധർ എന്നിവർ പങ്കെടുക്കുകയുണ്ടായി. അസുഖത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിലെത്തിക്കാൻ വൻ ജനപങ്കാളിത്തത്തോടെ നടപ്പാക്കിയ പദ്ധതിയ്ക്ക് സാധിച്ചു എന്നത് ശ്ലാഘനീയമാണ്.

പദ്ധതി രേഖകളുടെ സൂക്ഷ്മപരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. മേൽ പദ്ധതിയിൽ ചെലവായ തുക വിവിധ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ടെങ്കിലും ഈ അക്കൗണ്ടുകൾ മേൽ സ്ഥാപനങ്ങളുടേതാണെന്ന് ഉറപ്പാക്കേണ്ട രേഖകൾ ഫയലിലില്ല. തുകകൾ വിവിധ അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| മുഹമ്മദ് അസ്ലാം | 4289002100003238 | 229330 |
| സതീഷ് കാവ്യ പ്രിന്റേഴ്സ് | 0020073000010199 | 20050 |
| ഹസീന, പൊന്നൂസ് ടീ സ്റ്റാൾ | 16330100020174 | 64364 |
| പ്രജീഷ്, മിത്രം അഡ്വർടൈസ്മെന്റ് | 67030396941 | 10876 |
| വീനസ് ഹോട്ടൽ | 916020085196872 | 38523 |
| ആകെ | | 363143 |

2. പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ 2.2.18 ന് നടന്ന ക്യാൻസർ നിർണ്ണയ ക്യാമ്പിന് മുന്നോടിയായി നടന്ന ആരോഗ്യ സർവ്വെക്ക് 36,524/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ദിവസത്തെ ഹാജർ, നിർണ്ണയ ക്യാമ്പ് നടന്നുവെന്ന് ഉറപ്പാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ചെലവ് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.രേഖകൾ ഹാജരാക്കുന്നതുവരെ 3,99,667 (363143+36524) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-2 ഗുണഭോക്തൃതെരഞ്ഞെടുപ്പിന്റെ സുതാര്യത ഉറപ്പാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ S0026/18 മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ 7,50,000/-

ചെലവ് 7,50,000/-

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതിയിൽ 32 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 7,50,000/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളോട് ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 24.8.17 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്ത് നൽകി. ടി പദ്ധതിക്ക് ഗ്രാമസഭാ ലിസ്റ്റ് നിലവിലില്ലാ എന്ന മറുപടിയാണ് പുത്തൻചിറ, വെള്ളാങ്കല്ലൂർ, വേളൂക്കര എന്നീ ഗ്രാമ പഞ്ചായത്തുകൾ ലഭ്യമാക്കിയത്. മറ്റ് ഗ്രാമപഞ്ചായത്തുകൾ ലിസ്റ്റ് ലഭ്യമാക്കിയെങ്കിലും ആവശ്യത്തിന് ഗുണഭോക്താക്കളില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗ്രാമസഭാ ലിസ്റ്റിലുള്ളവർക്ക് മുൻഗണന നൽകി അർഹരായവരെ കണ്ടെത്തുകയാണ് ഉണ്ടായിട്ടുള്ളത്. പിന്നീട് അർഹരായവരുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ നിന്ന് സാധൂകരണം വാങ്ങുകയാണ് ഉണ്ടായിട്ടുള്ളത്.

മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളും ഗുണഭോക്താക്കളെ അംഗീകരിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാനം മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്.

പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്താണ് ആനുകൂല്യം നൽകുന്നതെങ്കിൽ ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചു കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭ്യമാക്കണമെന്ന് 13-ാം പദ്ധതി സബ്സിഡി മാർഗരേഖ GO(MS) 80/17/ ത.സ്വ.ഭ.വ 3.4.17 ൽ നിർദ്ദേശമുണ്ട്. എന്നാൽ ഗ്രാമസഭാ ലിസ്റ്റ് ലഭ്യമായില്ല.

2. ടി പദ്ധതിക്ക് ഗ്രാമസഭാ ലിസ്റ്റ് നിലവിലില്ലായെന്ന് മറുപടി നൽകിയ പുത്തൻചിറ ഗ്രാമപഞ്ചായത്ത്, സാധൂകരണത്തിനായി ബ്ലോക്ക് നല്കിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് രേഖപ്പെടുത്തി സാധൂകരണം നൽകുകയാണുണ്ടായിട്ടുള്ളത്. പരസ്പര വിരുദ്ധമായ മറുപടി നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കിയില്ല.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ബോക്ക്പഞ്ചായത്തുകൾ മുൻകൂട്ടി മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് ഗുണഭോക്തൃതെരഞ്ഞടുപ്പിന്റെ സുതാര്യത ഉറപ്പാക്കേണ്ടതാണ്.

# 3-3 പദ്ധതി രൂപീകരണം - ഗ്രാമ ബ്ലോക്ക്

# ഗ്രാമപഞ്ചായത്തുകൾ തമ്മിൽ പൊതുമാനദണ്ഡങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്.

പ്രൊജക്റ്റ് നമ്പർ 78/17-18, പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് പോകാൻ ധനസഹായം

അടങ്കൽ 4,00,000/-

ചെലവ് 4,00,000/-

മേൽ പദ്ധതി നിർവ്വഹണത്തിന് ഗ്രാമസഭാ ലിസ്റ്റ് ആവശ്യപ്പെട്ടു കൊണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ 24.11.17 ന് കത്ത് നൽകി കാണുന്നു. പൂമംഗലം, പടിയൂർ എന്നീ 2 പഞ്ചായത്തുകൾ മാത്രമാണ് ഗ്രാമസഭാ ലിസ്റ്റ് നൽകിയത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ആവശ്യത്തിന് ലഭ്യമാക്കാത്തതിനാൽ നേരിട്ട് അപേക്ഷ സ്വീകരിക്കാൻ അനുമതി നൽകണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ആവശ്യം 22.12.17 ന് ഭരണസമിതി അംഗീകരിച്ചു നൽകി.

8 പേർക്ക് ആനുകൂല്യം നൽകിയിട്ടുള്ള മേൽ പദ്ധതിയിൽ 6 ഗുണഭോക്താക്കളെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് തെരഞ്ഞെടുക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഈ 6 പേർ ഗ്രാമ പഞ്ചായത്തിൽ നിന്നും ഇവർക്ക് ഇത്തരത്തിലുള്ള ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിന് ആധികാരികമായ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി ഗുണഭോക്താക്കളുടെ പട്ടിക അംഗീകാരത്തിനായി ബ്ലോക്ക് പഞ്ചായത്തിന് നൽകുകയാണ് ചെയ്യേണ്ടത്. ബ്ലോക്ക് പഞ്ചായത്ത് പദ്ധതി സംബന്ധിച്ച വിവരങ്ങളും മാനദണ്ഡങ്ങളും അറിയിച്ചു കൊണ്ട് മുൻകൂട്ടി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-4 തുല്യത പഠനം. പഠിതാക്കളുടെ ഫീസ് നൽകൽ പദ്ധതി(17-18)അപാകതകൾ

പദ്ധതി നം.47/18
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

തുല്യത പഠനം. പഠിതാക്കളുടെ ഫീസ് നൽകൽ 17-18

അടങ്കൽ തുക 1,00,000/-

ചെലവ് 1,00,000/-

ട്രഷറി ബിൽ നം pf 3/17-18/31.07.17, 21,000/-

ട്രഷറി ബിൽ നം pf 5/17-18/31.07.17, 79,000/-

രശീതി നം. E4 -0008/17/KSLMA തിയതി 6.1.18, 21,000/-

രശീതി നം. E4 -0008/17/KSLMA തിയതി 6.1.18,79,000/-

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലേക്ക് 10, 12 ക്ലാസ്സുകളുടെ തുല്യതാ സർട്ടിഫിക്കറ്റിനായി, പഠിതാക്കളുടെ ഫീസ് മേൽ പ്രൊജക്ട് പ്രകാരം അടവാക്കിയിട്ടുണ്ട്. പത്താം ക്ലാസ്സ് തുല്യതാ പരീക്ഷക്ക് 12 പേരുടെ ഫീ(12*1750) 21,000/- രൂപയും 12-ാം ക്ലാസ്സിന് 41 പേരുടെ രജിസ്ട്രേഷൻ ഫീ ((1950*40=78,000)+1000*1=1000) 79,000/- രൂപയും ചേർത്ത് 1,00,000/- രൂപ ചെലവാക്കി. പഠിതാക്കളെ സംബന്ധിച്ച അനുബന്ധരേഖകൾ, അറ്റന്റൻസ് രജിസ്റ്റർ, രജിസട്രേഷൻ രേഖകൾ എന്നിവ പരിശോധിച്ചതിൽ 10 -ാം ക്ലാസ്സ് ലിസ്റ്റിലെ 12 പേരിൽ 6 പേരും, 12 ാം ക്ലാസ്സ് ലിസ്റ്റിലെ 41 പേരിൽ 19 പേരും അതത് ബാച്ചുകളിൽ ഹാജരായിട്ടില്ല. അറ്റൻഡൻസിൽ അബ്സൻറ് രേഖപ്പെടുത്തിയിട്ടുണ്ട്. ഹാജരാക്കാത്തവരിൽ ചിലർ വിദേശത്തേക്ക് പോയതായും നോഡൽ പ്രേരക് അറിയിച്ചു. മേൽ സാഹചര്യത്തിൽ പരീക്ഷക്ക് രജിസ്റ്റർ ചെയ്ത് നിയുക്ത കാലാവധിക്കുള്ളിൽ ലഭ്യമായ അവസരം ഉപയോഗപ്പെടുത്തി പരീക്ഷ എഴുതേണ്ടത് തുല്യതാ പഠന വിദ്യാർത്ഥികളുടെ ചുമതലയാണ്. ആയത് ബ്ലോക്ക് പഞ്ചായത്ത് നോഡൽ പ്രേരക് ഉറപ്പുവരുത്തേണ്ടതാണ്. രജിസ്റ്റർ ചെയ്ത് മൂന്നു വർഷത്തിനകം ക്ലാസ്സുകളിൽ ഹാജരായി പരീക്ഷ എഴുതേണ്ടതാണ്. 2017-18 വർഷത്തിൽ പത്താം ക്ലാസ്സ് തുല്യതാ (ബാച്ച് 12) 12-ാം ക്ലാസ്സ് തുല്യത ($3^{rd}$ ബാച്ച് 2017-19) ക്ലാസ്സുകളിൽ ഹാജരാകാത്തവരുടെ പേരുടെ വിവരം ചുവടെ ചേർക്കുന്നു. (രജിസ്ട്രേഷൻ നമ്പർ സഹിതം).

$10^{th}$ std

1. കൃഷ്ണകുമാർ പി ജി 38095/10.8.18

2. സുനിൽ കെ കെ A1170/10.8.18

3. ഇന്ദിര പി പി A1176/10.8.18

4. മിനോഷ് ടി കെ A1164/10.8.18

5. ജെസ്സി ഇ സി 31119/10.8.18

6.ലീറ കെ എസ് 32435/10.8.18

12th std

1. റിക്സൺ 42409/12.8.18

2. സെമീറ ഒ എ 53653/12.8.18

3. ടോണി തോമസ് കെ 42282/12.8.18

4. വിഷ്ണുസുന്ദരൻ കെ 48066/12.8.18

5. സബിത പി എസ് 42934/12.8.18

6. ഡൻസി ഡേവിസ് 43042/12.8.18

7. ഷീജ കെ എസ് 52600/12.8.18

8. മജ്ജുഷ സി എസ് 52596/12.8.18

9.ലിജോ ലോനപ്പൻ 52647/12.8.18

10. അഖിൽ ടി എസ് 45298/12.8.18

11. മധു ടി കെ 45347/12.8.18

12. സഫറുദ്ദീൻ സി എ 45391/12.8.18

13. ഫാത്തിമ എം എ 52646/12.8.18

14. ഷിനോജ് സി എസ് 42914/12.8.18

15. മുഹമ്മദ് റിഷാദ് 42923/12.8.18

16. സുനിത പി എസ് 45323/12.8.18

17. സനൽ കെ എസ് 42962/12.8.18

18. സവിത എം എൻ 38017/12.8.18

19. ശ്യംലാൽ സി എം 54448/12.8.18

മേൽപറഞ്ഞ പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ ഹാൾ ടിക്കറ്റ് ലഭ്യമാക്കാത്ത പക്ഷം അവർക്കുവേണ്ടി സാക്ഷരതാ മിഷനിൽ അടച്ച തുക തിരികെ ഈടാക്കേണ്ടതാണ്. ആയത് ഉറപ്പുവരുത്തുന്നതുവരെ ചെലവു തുക (6*1750 = 10500+18*1950 = 35100+1*1000 = 1000) 46,600/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-5 സെക്രട്ടറി നടപ്പാക്കിയ ഭവനനിർമ്മാണ പ്രൊജക്ടുകൾ-അവലോകനം

| ഐ.എ.വൈ, പി.എം.എ.വൈ | ജനറൽ | എസ് സി |
|---|---|---|
| എ. 2017 -18 ൽ ലക്ഷ്യമിട്ട വീടുകളുടെ എണ്ണം | 9 | 14 |
| ബി. 2017 -18 ൽ കരാറിൽ ഏർപ്പെട്ടവരുടെ എണ്ണം | 3 | 7 |
| സി. 2017 -18 ൽ കരാറിൽ ഏർപ്പെട്ട തൻവർഷം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | 3 | 7 |
| ഡി. 2017-18 ൽ കരാറിൽ ഏർപ്പെട്ട പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം | 0 | 0 |
| ഇ. മുൻവർഷങ്ങളിൽ കരാറിൽ ഏർപ്പെട്ടവരിൽ 2017-18ൽ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | 37 | 78 |
| എഫ്. മുൻവർഷങ്ങളിൽ കരാറിൽ ഏർപ്പെട്ടവരിൽ പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം(19 പേർ | 6 | 18 |

റിക്കവറി ആവശ്യമായി വരുന്നവർ)

| | | |
|---|---|---|
| ജി. 31.03.2018 ൽ പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം | 7 | 21 |

2017-18 ൽ നടപ്പാക്കിയ ഐ.എ. വൈ പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം പൂർത്തീകരണം എന്ന പദ്ധതിയിൽ 3 പേരുടെ വീട് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. (2 വീട് ലിന്റിൽ, ഒരു വീട് വാർക്ക).

ആകെ പൂർത്തിയാകാത്ത 24 വീടുകളിൽ 5വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

# 3-6 സംയുക്ത പ്രോജക്ടുകൾ-വ്യവസ്ഥകൾ പാലിക്കുന്നില്ല , വിനിയോഗിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതു സംബന്ധിച്ച്, GO(P)No.7/2017/Fin. Dt. 23-1-17 ലെ വ്യവസ്ഥകൾ പാലിക്കണമെന്ന് 13-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കൽ മാർഗരേഖയായ GO(MS)72/17/LSGD Dt. 29-3-17 ന്റെ ഖണ്ഡിക 6-5(10)- ൽ നിർദേശിച്ചിട്ടുണ്ട്. GO(P)No. 7/2017/Fin. Dt. 23-1-17 പ്രകാരം, പദ്ധതി നടപ്പാക്കുന്ന തദ്ദേശ സ്ഥാപനം സംയുക്ത പ്രോജക്ടിനായി ആരംഭിച്ച സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് ഘടക സ്ഥാപനങ്ങൾ തുക നൽകണം. പ്രൊജക്ട് നടപ്പാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം ഫെബ്രുവരി അവസാന വാരം നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുകയും ഫണ്ട് മുഴുവനും ഉപയോഗിക്കപ്പെടാൻ സാദ്ധ്യതയില്ലാത്ത പക്ഷം ഫെബ്രുവരി 28 നു മുമ്പായി അതാത് ത.സ്വ.ഭ.വ സ്ഥാപനത്തിന് തിരിച്ചു നൽകുകയും ചെയ്യണം. നിർവ്വഹണം നടത്തുന്ന ത.സ്വ.ഭ.വ സ്ഥാപനം മാർച്ച് 31 ന് സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് റികൺസിൽ നടത്തുകയും അൺകാഷ്ഡ് ചെക്ക് ഒഴിച്ചുള്ള തുക സർക്കാരിലേക്ക് തിരിച്ചടക്കുകയും വേണം. ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

പദ്ധതി നം. 69/18

അടങ്കൽ തുക 10,00,000/-

ചെലവ് 10,00,000/-

ട്രഷറി ബിൽ നം pf 30/17.1.18 7,00,000/-

ട്രഷറി ബിൽ നം pf 38/9.2.18 3,00,000/-

മേൽ പ്രൊജക്ട് പ്രകാരം വെള്ളാങ്കല്ലൂർ പഞ്ചായത്തിനു കൈമാറിയ തുക രണ്ട് പ്രൊജക്ടുകളിലായി ഉപയോഗപ്പെടുത്തിയതിന് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. 79/18 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ എന്ന ഗ്രാ.പ പ്രൊജക്ടിൽ കൈമാറിയ 7,00,000/- രൂപയിൽ 3,15,714/- രൂപ മാത്രം വിനിയോഗിച്ചതായാണ് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിരിക്കുന്നത്. വിനിയോഗിക്കാത്ത തുക 3,84,286/- രൂപ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 11/18.01.2019.

# 3-7 അംഗനവാടികളിലെ പോഷകാഹാര പദ്ധതി- ചെലവഴിക്കാത്ത പക്ഷം തുക തിരിച്ചടക്കേണ്ടതാണ്

പദ്ധതി നം. 27/2018

അടങ്കൽ 4,00,000/-

ചെലവ് 4,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥ -സി ഡി പി ഒ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന നാല് പഞ്ചായത്തുകൾക്ക് പദ്ധതി നടത്തിപ്പിനായി വിഹിതം നല്കിയിട്ടുണ്ട്.

പുത്തൻചിറ പഞ്ചായത്ത് 1,00,000/-

വെള്ളാങ്ങല്ലൂർ പഞ്ചായത്ത് 1,50,000/-

പൂമംഗലം പഞ്ചായത്ത് 50,000/-

പടിയൂർ പഞ്ചായത്ത് 1,00,000/-

വിഹിതം നല്കിയ പഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പടിയൂർ ഗ്രാമപഞ്ചായത്തിൽ വിഹിതം നല്കിയ 1,00,000/- രൂപ ചെലവഴിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ടി തുക പദ്ധതിയ്ക്ക് ചെലവഴിക്കാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-8 സാംസ്കാരികനിലയത്തിലേക്ക് 2015-16 ൽ വാങ്ങിയ കമ്പ്യൂട്ടർ ഉപയുക്തമാക്കേണ്ടതാണ്.

2015-16 വർഷം പ്രൊജക്റ്റ് നം. 65/15-16 ആയി ബ്ളോക്ക് പഞ്ചായത്തിലെ രണ്ട് സാംസ്കാരികനിലയങ്ങളിലേക്ക് നെറ്റ് വർക്ക് കണക്ഷനോടുകൂടിയ രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങുകയും അവയിലൊന്ന് വേളൂക്കര ഗ്രാമപഞ്ചായത്തിലുള്ള സമയനഗർ സാംസ്കാരികനിലയത്തിലേക്ക് വേണ്ടിയായിരുന്നു. (ബിൽ നം. 2/15-16/21/3/16-90790, ബിൽ നം.3/15-16-9210 (നെറ്റ് വർക്ക് കണക്ഷൻ).

എന്നാൽ വേളൂക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1/23/6/16 നം.തീരുമാനത്തിൽ കെട്ടിടം പണി പൂർത്തീകരിച്ചിട്ടേയുള്ളൂ, അടിസ്ഥാനസൗകര്യങ്ങൾ ഇല്ല, അടച്ചുറപ്പുള്ള മുറി ഇല്ല, നെറ്റ് വർക്ക് കണക്ഷൻ സാമ്പത്തികബാധ്യത വരുത്തുമെന്നെല്ലാം സൂചിപ്പിച്ചിരുന്നു. 18/1/19 ലെ സ്ഥലപരിശോധനയിൽ നിലയത്തിൽ കറന്റ്, നെറ്റ്‌വർക്ക് കണക്ഷനുകൾ, കമ്പ്യൂട്ടർ എന്നിവ ഇല്ല എന്ന് കണ്ടെത്തി. പട്ടികജാതിവികസനഓഫീസറുടെ V266/15/13/7/17നം.കത്തിൽ കമ്പ്യൂട്ടർ നിലവിൽ ഗ്രാമപഞ്ചായത്ത് കൈപ്പറ്റാത്ത സാഹചര്യമുണ്ടെന്നും പട്ടികജാതിവികസന ആഫീസ് പ്രവർത്തനത്തിന് ആവശ്യമുള്ളതായും സൗകര്യങ്ങൾ ലഭ്യമാകുമ്പോൾ തിരികെ നൽകാമെന്ന അപേക്ഷിച്ചുവെങ്കിലും ഭരണസമിതി അത് നിരസിച്ചു. മൂന്നുവർഷം ഗ്യാരണ്ടിയുള്ള 3/16 ൽ വാങ്ങിയ കമ്പ്യൂട്ടർ നാളിതുവരെ ഉപയോഗിക്കാത്തത് ഖേദകരമാണ് എന്നുള്ള 17/19/1/19 നം. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കമ്പ്യൂട്ടർ പട്ടികജാതി വികസനഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്നും ഇപ്പോഴും പ്രവർത്തനക്ഷമമാണെന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ആയത് പടിയൂർ പണ്ടാരത്തറ വിജ്ഞാനവാടിക്ക് കൈമാറുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

# 3-9 ബ്ളോക്ക് പഞ്ചായത്തിന്റ ചുമതലയിൽ പെടാത്ത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയതും, കൃത്യനിർവ്വഹണത്തിലെ അപാകതകളും

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് 172(1) വകുപ്പ് എന്നിവ അനുസരിച്ച് ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടുന്നവയല്ല പട്ടികജാതി കോളനിനവീകരണം, പട്ടികജാതി ശ്മശാനത്തിന് ചുറ്റുമതിൽ നിർമാണം, പട്ടികജാതിക്കാർക്ക് സാംസ്കാരികനിലയങ്ങൾ സ്ഥാപിക്കൽ എന്നിവയെങ്കിലും ഇവക്കായി പ്രൊജക്റ്റുകൾ തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം നിർവ്വഹിച്ച താഴെപറയുന്ന മൂന്ന് പ്രവർത്തികളിലും ബോർഡുകൾ സ്ഥാപിച്ചതിന് കരാറുകാർക്ക് തുക നൽകിയിട്ടുണ്ടെങ്കിലും 19/1/19 ൽ ബ്ളോക്ക് പഞ്ചായത്തിലെ അസി.എൻജിനീയർ ശ്രീ. പി. എസ്. സിജോ എന്നവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ആയവ കണ്ടെത്തുവാൻ കഴിഞ്ഞില്ല. വിവരം താഴെ കൊടുക്കുന്നു.

1. മാരാത്ത് കോളനി ചുറ്റുമതിൽ (ഇനം 11)-ബിൽനം.23/17-18/28/3/18-310844, കരാറുകാരൻ -സി.എ.ബെന്നിക്ക് നൽകിയ തുക 2000/-
നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

2.പടിയൂർ എസ്.സി. ശ്മശാനം ചുറ്റുമതിൽ(ഇനം 16)-ബിൽ നം17/17-1828/2/18-425957, കരാറുകാരൻ സി.എ.രാജേഷിന് നൽകിയ തുക 1980.50. അതായത് 1981/- രൂപ .
നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

3.പുത്തൻചിറ പുളിയിലക്കുന്ന് സാംസ്കാരികനിലയം (ഇനം 47)-ബിൽ നം.27/17-18/31/3/18-972369, ബിൽ നം.10/31/12/18-627998, കരാറുകാരൻ എ.വി.പോൾസണ് നൽകിയ തുക 1,900/- (ചെലവ് 2018-19 ൽ).

മേൽപറഞ്ഞ സ്ഥലങ്ങളിൽ കരാറുകാരെക്കൊണ്ട് കുറ്റമറ്റ രീതിയിൽ ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. ആയതു വരെ ചെലവു ചെയ്ത 3,981/- രൂപ തടസ്സപ്പെടുത്തുന്നു.

പകൽവീട്നിർമാണം -മേലളവും ബിൽ സൂക്ഷ്മപരിശോധനയും നടത്താതെ അന്തിമതുക നൽകി.

പ്രൊജക്റ്റ് നം.59/17,51/18

മേൽ പ്രൊജക്റ്റിന്റെ അന്തിമബിൽ പ്രകാരമുള്ള 7,91,608/- രൂപ അനുവദിച്ചത് 2017-18 വർഷം അളവെടുത്ത കുറെ ഇനം പ്രവൃത്തികളുടെ മേലളവു നടത്താതെയും ബിൽ സൂക്ഷ്മപരിശോധന നടത്താതെയുമാണ്. ഈ പ്രവൃത്തിയുടെ 3,9,12,13,16 മുതൽ 22 വരെ 30,31,39,34 എന്നീ ഇനങ്ങളുടെ അളവ് 29/4/17 എടുത്തതായി അസി.എഞ്ചിനീയർ അളവു പുസ്തകം 4/15-16ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 23 മുതൽ 29വരെയുള്ള ഇനങ്ങളും 32,33,36,43,46 എന്നീ ഇനങ്ങളും 14/6/17ന് അളവെടുത്ത് അളവുപുസ്തകം 36/15-16 ൽ അസി.എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ മേലളവു നടത്താതെയും ബിൽ സൂക്ഷ്മപരിശോധന നടത്താതെയുമാണ് 20,50,453/- രൂപ പ്രവൃത്തി മൂല്യമുള്ള തുകയുടെ രണ്ടാം അന്തിമബിൽതുക നൽകിയത്. മേലളവും ബിൽ സൂക്ഷ്മപരിശോധനയും നടത്താതെ തുക നൽകിയത് ശരിയായ നടപടിക്രമമല്ല. ഇക്കാര്യത്തിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ 6/15/1/19 പ്രകാരം അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

അനുബന്ധവിവരങ്ങൾ

പ്രൊജക്റ്റ് നം.-51/17, അടങ്കൽ -20,82,795/-

സ്പിൽ ഓവർ-ടി-51/18,അടങ്കൽ-8 23 949/- (വികസനഫണ്ട് ജനറൽ-18,721/-, തനതുഫണ്ട്-45,228/-, ഗ്രാമപഞ്ചായത്ത്ഫണ്ട്-7,60,000/-)

കരാറുകാരൻ-ടി.എ.ബഷീർ

കരാർ-11/AEE/LSGD/VLGR/2016-17/9/2/17

നി.ഉദ്യോഗസ്ഥൻ-അസി.എക്സി.എൻജിനീയർ

അളവുപുസ്തകം-4/15-16,5/15-16,22/2011,36/15-16

| | |
|---|---|
| പ്രവൃത്തിമൂല്യം | 2050453 |
| അന്തിമബിൽ പ്രകാരം തുക | 791608 |
| മൂല്യവർധിത നികുതി | 31664 |
| വരുമാനനികുതി | 7916 |
| ക്ഷേമനിധിവിഹിതം | 7916 |
| കരാറുകാരന് നൽകിയതുക | 744112 |
| ആകെ | 791608 |

കരാറുകാരന് തുക നൽകിയതിന്റെ വിവരം

| | |
|---|---|
| ചെക്ക് നം,2004166/തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 712504 |
| ബിൽ നം.1/17-18/29/6/17 | 18721 |
| ഇലക്ട്രോണിക് മണി ട്രാൻസ്ഫർ | 12887 |

മേലളവും ബിൽസൂക്ഷ്മ പരിശോധനയും നടത്താതെ കരാറുകാരന് തുക അനുവദിക്കുവാനുണ്ടായതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-10 പകൽവീടും വനിതാഹെൽത്ത് ക്ളബും ഉപയുക്തമാക്കേണ്ടതാണ്

2016-17, 2017-18 വർഷങ്ങളിലായി 20,50,453/- രൂപ ചെലവിൽ നിർമിച്ച പകൽവീട് 2017-18 വർഷം വൈദ്യുതീകരണപ്രവൃത്തികൾ നടത്തിയെങ്കിലും ഇതുവരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഇപ്പോളിവിടെ വിപുലീകരണപ്രവൃത്തികൾ നടന്നുവരികയാണ്. എത്രയും വേഗം ഇത് പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ്.

2016-17, 2017-18 വർഷങ്ങളിലായി 16,00,367/- രൂപ ചെലവിട്ട് പകൽവീടിന് മുകളിൽ വനിതാഹെൽത്ത് ക്ളബ് എന്ന പ്രൊജക്റ്റ് പ്രകാരം കെട്ടിടനിർമാണം നടത്തുകയും 2017-18വർഷം വൈദ്യുതീകരണപ്രവൃത്തികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കും വൈദ്യതികണക്ഷൻ ലഭ്യമായിട്ടില്ല. 1994ലെ കേരളാപഞ്ചായത്ത് രാജ് ആക്റ്റ്, സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നതല്ല ഇതിന്റെ നിർമാണം. ഇതിലേക്ക് 2017-18 സാമ്പത്തികവർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ജിംനാസ്റ്റിക് പരിശീലനത്തിനാവശ്യമായ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇതും ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്നതല്ല. ഇത് ഒരു സക്രിയാസ്തിയായി ഉപയോഗിക്കുകയാണെങ്കിൽ സ്ഥലം ലാഭമുണ്ടായി എന്ന് പറയാവുന്നതാണ്. തൊട്ടടുത്ത് അംഗൻവാടി കളിസ്ഥലം എന്നിവയുമുണ്ട്.

വനിതാഹെൽത്ത് ക്ലബിലേക്ക് കളിയുപകരണങ്ങൾ വാങ്ങിയപ്പോൾ 2010ലെ പ്രൊക്യുവർമെന്റ് മാനുലിലെ നിർദേശങ്ങൾ അനുസരിച്ച് കർമസമിതി വാങ്ങൽകമ്മിറ്റി എന്നിവ രൂപീകരിച്ച് ആവശ്യകത, ഗുണനിലവാരംഎന്നിവ ഉറപ്പുവരുത്തിയിട്ടില്ല. സാധനങ്ങളുടെ ഗ്യാരണ്ടി, വാറണ്ടി എന്നിവ സംബന്ധിച്ച് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

## 3-11 പുത്തൻചിറ സാമൂഹികരോഗ്യകേന്ദ്രം-ശിശു-

# മാതൃആരോഗ്യവിഭാഗം കെട്ടിടം ജീർണ്ണാവസ്ഥയിൽ

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ കുട്ടികളുടെ വാർഡിനോട് ചേർന്നുള്ള ഈ കെട്ടിടത്തിന്റെ വരാന്തയിലെ മേൽക്കൂര വളരെ ജീർണാവസ്ഥയിലാണെന്ന് സ്ഥലപരിശോധനയിൽ കണ്ടു. ഇവിടെ പ്ളാസ്റ്ററിങ് അടർന്ന് പല ഭാഗങ്ങളിലും കമ്പികൾ പുറത്ത് കാണാമായിരുന്നു. ആ മേൽക്കൂര വളരെ ഉയരം കുറഞ്ഞ് കാണപ്പെട്ടു. പ്രവേശനമുറിയിലും അടുത്ത മുറിയിലും പ്ളാസ്റ്ററിങ് അടർന്ന് കണ്ടു. നിലവിൽ ഈ കെട്ടിടം ഉപയോഗിക്കുന്നില്ല. ബ്ളോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 7/30/6/17നം. തീരുമാനത്തിൽ ജീർണ്ണാവസ്ഥയെക്കുറിച്ച് സൂചിപ്പിക്കുകയും എ.ഇ.ഇ.യോട് പരിശോധിക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയതിന്റെ റിപ്പോർട്ട് കണ്ടില്ല. ഈ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ മരാമത്തു വിഭാഗം എത്രയും വേഗം വ്യക്തത വരുത്തേണ്ടതും ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

# 3-12 മുന്നൊരുക്കമില്ലാതെ ടൈൽ വിരിച്ചതിലുള്ള അപാകത

പ്രൊജക്റ്റ് നമ്പർ 19/18

M.K.S.P കെട്ടിടത്തിന്റെ മുറ്റം ടൈൽ വിരിക്കൽ അടങ്കൽ തുക 2,95,110/- (വികസന ഫണ്ട് ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ : ശ്രീ.കെ.കെ.ഷാജി

കരാർ 7/DEE/VLGR/17-18/30/11/17

അളവു പുസ്തകം : 12/16-17

ബിൽ നമ്പർ 16/17-18/28.02.2018 , 2,74,708/-

മേൽ പറഞ്ഞ പ്രവൃത്തി ചെയ്യുന്നതിനു മുമ്പ് കെട്ടിടത്തിന് മുന്നിലുള്ള പ്രതലത്തിലുണ്ടായിരുന്ന മരക്കുറ്റികൾ പിഴുതു മാറ്റുകയോ പ്രതലം വേണ്ടത്ര നിരപ്പാക്കുകയോ ചെയ്തിരുന്നില്ല. ഇക്കാരണത്താൽ തന്നെ ചെയ്ത പ്രവൃത്തിയ്ക്ക് സാങ്കേതിക പൂർണത കൈവന്നിരുന്നില്ല. പിഴുതു മാറ്റാത്ത മരക്കുറ്റികളുടെ സമീപത്തു കൂടെ സസ്യങ്ങൾ വളർന്നു വരുന്നതായും സ്ഥല പരിശോധനയിൽ കണ്ടു. ഭാവിയിൽ മരക്കുറ്റികൾ ജീർണ്ണിച്ച് നശിക്കുമ്പോൾ പ്രതലം തകർന്നു പോകാനും ഇടയുണ്ട്.

കരാറുകാരൻ വേണ്ടത്ര മുന്നൊരുക്കമില്ലാതെ പ്രവൃത്തി നിർവ്വഹിച്ചതിനുള്ള കാരണം മേൽ നോട്ടക്കുറവു തന്നെയാണ്. കുറ്റമറ്റ രീതിയിൽ പ്രവൃത്തി നിർവ്വഹിക്കാതെ, തുക അനുവദിക്കാനുണ്ടായതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുൻബാക്കി | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2017-18 | 3633785 | 2701250 | IAY/PMAY(G) ഭവനനിർമ്മാണം | 5533910 | 801125 |
| ജില്ല ഗ്രാമപഞ്ചായത്ത് | 2017-18 | 2419175 | 5068750 | IAY/PMAY(G) ഭവനനിർമ്മാണം | 4087924 | 340000 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

# 4-5 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

# 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,40,80,619 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,01,12,304 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,50,248 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,99,667 | ഡോ.T.V.ബിനു(മെഡിക്കൽ ഓഫീസർ CHC) |
| 3-4 | 46,600 | ശ്രീ.എം.ആർ.തമ്പി(സെക്രട്ടറി ഇൻചാർജ്ജ്) |
| 3-9 | 3,981 | ശ്രീ. പി.എസ്.സിജോ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 4,50,218 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

,,

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഢികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3.1 | 2008-09 | 3.10.1 | കൊയ്ത്ത് മെതി യന്ത്രം സംബന്ധിച്ച് | 22-01-2009 ന് ഗ്രാമവികസന കമ്മീഷണറേറ്റിൽ ഇതുമായി ബന്ധപ്പെട്ട |

| | | | | | |
|---|---|---|---|---|---|
| | | | | | അദാലത്ത് നടക്കുന്നുണ്ട്. |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം |
|---|---|---|
| 1995-96, 1996-97, 97-98 | എൽ.എഫ്.ടി.9-1555/98 തീയതി16.4.99/ 7.7.99 | 5 |
| 98-99 | എൽ. എഫ്.ടി.9- 313/00 തീയതി24.4.00/ 17.5.00 | 21 |
| 99-00 | എൽ. എഫ്.ടി.9-293/01തീയതി 27.4.01 | 20 |
| 2000-01 | എൽ. എഫ്.ടി.9- 1608/01 തീയതി 24.8.02/ 14.11.12 | 18 |
| 2001-02 | എൽ. എഫ്.ടി.9- 2119/05 തീയതി 4.2.06/14.11.06 | 7 |
| 2002-03 | എൽ.എഫ്.ടി.21-2438/07 തീയതി 2.8.08/16.10.08 | 6 |
| 2003-04 | എൽ. എഫ്.ടി.2439/07 തീയതി 2.8.08 | എല്ലാം |
| 2004-05 | എൽ. എഫ്.ടി.21- 2440/07 തീയതി 2.8.08 | എല്ലാം |
| 2005-06 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10/15.5.10 | എല്ലാം |
| 2006-07 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10 /13.5.10 | എല്ലാം |
| 2007-08 2010-11 | എൽ. എഫ്.ടി.(ബി.പി) 2267/12 തീയതി 5.2.13/15.6.13 | എല്ലാം |
| 2011-12 | എൽ. എഫ്.ടി.(ബി.പി) 1584/2013/ തീയതി.9.14/13.3.14 | എല്ലാം |
| 2012-13 | എൽ. എഫ്.ടി.(ബി.പി)1023/2014 തീയതി 10.10.14/24.11.14 | എല്ലാം |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2)1734/15 തീയതി 8.12.15 | എല്ലാം |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 670/16 തീയതി 19.5.16/19.8.16 | എല്ലാം |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 321/17 തീയതി 24.03.17/29.03.17 | എല്ലാം |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 1724/2017 തീയതി 01-12-2017 | എല്ലാം |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെള്ളാങ്കല്ലൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| | |

| | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്